


# ആത്മഗീതകം

യു. കലാനാഥൻ.

വിശ്വാസമില്ലെനിക്കൊന്നിലും, മേലിൽഞാൻ–
വിശ്വസിക്കില്ലയീവിശ്വത്തിലാരെയും.

കാരണംചൊല്ലാം കഷ്ടംചതിക്കൊട്ടതൻ
ഭാരവുംപേറിനടക്കുവോരാണവർ.

സുസ്മിതംതൂകുമീളംതളിർച്ചുണ്ടെന്തു–
വിസ്മയം!....ചൊല്ലുവതൊക്കെയും കൈതവം.

നീലവില്ലീസുപുതച്ചൊഴുകുന്നൊരാ–
ചോലതൻആഴമാണേറ്റം ഭയാനകം.

ഇമ്പമേറുന്നൊരാമാമ്പഴത്തിൽപ്പുഴു
കമ്പിച്ചുരുൾപോൽ പുളയ്ക്കുയാണെങ്കിലോ?....

അക്കരെനിന്നുഞാനിക്കരെപ്പച്ചക–
ണ്ടിക്കരെവന്നുഞാൻകണ്ടതോ!....വിസ്മയം!!

കണ്ണുകൾപോലുംപിഴയ്ക്കുന്നു, പിന്നെഞാ–
നെണ്ണുകിൽകാതിൻപിഴകളനേകമാം.

ഓന്തുപോലെല്ലാമവസരവാദിക–
ളെന്തിലുംകാണാമതിൻപ്രതിബിംബനം.

സത്യംവിതച്ചുകൊയ്യുന്നതസത്യമ–
ല്ലിത്തരംനീതിയൊന്നില്ലേയുണ്ടോഭൂവിതിൽ?....

അന്ധകാരത്തിനെസ്വാഗതംചൊ....
സന്ധ്യയാണേറ്റംഭയങ്കരിയോ....

അല്ലെങ്കിലെന്തിനീവൈതരുദൃശ്യജാലകം
മെല്ലെത്തുറന്നുഞാൻ നോക്കണംപാരിടം.

കണ്ണുമടച്ചൊന്നുമോരാത്തമട്ടിലീ–
മണ്ണിൽഞാനെങ്ങനെകാലംകടന്നിടും?

ഈലോകവിദ്യാലയത്തിൽ, ഞാനിത്രയും–
കാലംകഴിച്ചതിൽ നേടിയതൊക്കെയും,

മണ്ണിൽവിതക്കുവാനാരെനിക്കേകിടു–
മിന്നൊരുജോഡിനൽക്കാളക്കിടാങ്ങളെ?

അല്ലെങ്കിൽവേണ്ടയെൻ കൈകൾക്ക, കാലികൾ
തെല്ലുംസമാശ്വാസമേകണ്ട, ഞാൻമതി.

ആരെയുമൊട്ടുംവലക്കേണ്ട, വേദന
പാരിൽഞാൻമാത്രം സഹിക്കാൻശ്രമിച്ചിടാം.

വേദനതീററിത്തടിപ്പിച്ചുഞാനെൻ്റ–
സോദരന്മാരെപ്പുലത്തുകയില്ലിനി.

വേദനവിററുഞാൻ നേടുംസുഖത്തിൻ്റ–
മോദനാണ്യങ്ങളെൻസമ്പത്തുമല്ലിനി.

എങ്ങുംസമാശ്വാസദീപ്തിപ്പൊലിമയിൽ
മുങ്ങിനിന്നീടണം!, സത്യംജയിക്കണം!

സത്യംജയിക്കുമോ, നീതിമനുഷ്യർക്കു–
സത്യംജയിക്കും വഴികാട്ടിനിത്തുവേ?.... –

ഈനിലനീളുകിൽസത്യസന്താനമാം–
"മാനസവിശ്വാസ"മെങ്ങനാംകണ്ടിടും?

ഇല്ല, യീവിശ്വാസമേതോവനാന്തര–
കല്ലിനോടൊപ്പമാണെങ്ങുനാംപോകണോ?

എ,ങ്കിലക്കാന്തരവീഥിവിനാശത്തിൻ–
മെത്തില്ലുത്തുന്നാംവൃത്തിയാക്കീടണം.

കണ്ടുതന്നീടാഹ്ലത്തിൻകടുത്ത വികാസമായ്
പാന്നോടക്കഴപ്പാതസുഗമമാക്കിടുവാൻ.

നേന്തമാംവിശ്വാസമാണിക്യ, മീവിധം
പാടുവിൻജീവിതസാഫല്യഗീതകം!

# *ഭാരതസന്ദേശം

(എ. കെ. ബാലകൃഷ്ണൻ, ബി. എസ്. സി. III

ആയിരം വസന്തങ്ങൾക്കപ്പുറം സംസ്കാരത്തിൻ
ശ്രീലസൌന്ദര്യം കണ്ട ഭാരതമുനീശ്വരർ
ജീവിതഗ്രന്ഥത്തിന്റെയേടുകൾതോറും തേടി
നേടിയവിജ്ഞാനത്തിൻകിരണം പ്രശോഭിപ്പൂ!
അന്നത്തെയുൽക്കർഷത്തിൻ പൊന്നോമൽദ്യുതിനീളെ-
യെന്നെന്നും വിരാജിപ്പൂ മാനവ വംശങ്ങളിൽ.
മരണം പുണരുന്ന വീരർതൻ ചുണ്ടിൽപോലും
മധുരസന്ദേശങ്ങളുലകം ശ്രവിച്ചില്ലേ.
കേവലം പവിത്രമാം പ്രേമഗാനത്താലന്ന്
ഭുവിന് സ്നേഹത്തിന്റെ ശ്രീകോവിൽ കാട്ടീനമ്മൾ.
പ്രേമത്തിന്നെതിരായ മാരകവികാരങ്ങ-
ളാമൂലമന്നേ നമ്മളെതിർത്തു നിസ്സങ്കോചം.
കൊക്കുകളുരുമ്മിക്കൊണ്ടോമന സ്വപ്നങ്ങളി-
ലുൾത്തടം കുളിർകൊണ്ട ക്രൌഞ്ചത്തെ കണയെയ്ത
ക്രൂരനാം നിഷാദനെ ചെറുത്ത വാല്മീകിതൻ
ധീരമാം നാദം നൂനമെൻ ഭാരതത്തിൻഗാനം.
ശ്രീലമാം വിഭൂതിയിലാറാടി രാജൈശ്വര്യം
നേടുവാൻ കൊതിക്കാത്ത മാനവസ്നേഹോൽബുദ്ധൻ
ശ്രീതഥാഗതൻനീളെയുതിർത്ത സംസ്കാരത്തി-
ന്നോമനഗാനങ്ങൾ നാമേററുപാടുന്നു നിത്യം.
ഇന്നുമാസംസ്കാരത്തിന്നുന്നതസന്ദേശങ്ങൾ
മന്നിതിൽ സൌഹാർദ്ദത്തിൻ പൊന്നലവിരചിപ്പൂ!
ലോലമാം സ്നേഹത്തിനാൽ കേവലം വിഷലിപ്ത-
മാനസങ്ങളിൽ നമ്മളമൃതം തളിക്കുന്നു.

# *HALLEY'S COMET

[The Dream of a Student of Astronomy]

(Roja Sadanandan, I M. Sc.)

It was on a calm Winter's night,
With the full moon shining bright;
Gradually it suffered a total eclipse,
And I entered a sudden trance.

* * * *

I was burdened deeply, heavily with
An "unborn tomorrow" yet sure to come forth
With that fair but terrifying monster !
"Tomorrow, Astronomy, I have to answer"
To learn its three-dimensional theory;
We must live in a vast world, imaginary
I had yet to turn many important pages,
Sure questions, and some book propositions
For this I must weep, and was about to weep,
But a gentle breeze lulled me to sleep.

* * * *

Halley came and touched me tenderly
" Write an article on my comet vividly,"
Uttered that famous English Astronomer,
A tall and majestic personality, reader !
" Think on these things " added he,
" The stellar back ground, the apogee and perigee,
The ellipse, the parabola, the perihilion,
Which cannot be seen within a pavilion.
One short-cut to the Celestial Heavens,
Fly on imagination's wings to those heights,
Or think, for what says the French mathematician,
" I think therefore I am ', is Descartes' version.
Every thing, a calculation, with formulae,
But has nothing to do with the nebulae.".

* * * *

And I, most perplexed to see his phantom,
Began to think of the happenings from Adam,
Glorious longings of an astronomer, great,
Made me bold to utter and to laugh at,
" My most potent and reverend signior,
I would, my wishes and desires, rare
Take me to the Greenwich Observatory
In a globe through the clouds, transitory
For I have wished more than thousand times
To loiter 'mid billions of rolling spheres,
The theory of ethereal vortices to be propounded,
A world beyond our own and far beyond,
Yonder still, with conditions strange and weird,
Please promise to come......". He laughed aloud,
Quoth he, "let the years roll by, five times five,
When again will appear Halley's comet, with wave,
I will, to fetch you there on Greenwich's hill
Where you will, one night, jump up, of thrill."

* * * *

The birds were jubilant, when the clock struck four,
And I more jocund, woke up at once, for
Yesternight's dream seemed portentous,
A prophecy, let me call it, dear readers !
Never in my life had I, such a happening,
To wake from my bed so early in the morning.
The remaining portions all did I go through
And among them was a chapter on comets too.
As usual to the examination hall then I went,
And looked into that grey coloured sheet,
Handed to me by that grave supervisor,
Reminded was I of that dream once more,
Seeing the first question on the blue sheet,
" Write a short note on Halley's comet "

* Edmund Halley was a famous English Astronomer who computed the orbit of a particular short-period comet which was lately known after his name. According to his calculations the comet will appear in the heavens either in 1985 or 1986.

# കേരളശ്രീദേവി

( ടി. വി. ആർ. B. Sc. III )

അനന്യദൃശ്യസൌഭാഗ്യ-
മതിയായ് വിലസുന്നനീ
അഴകേറെറാരു രാജ്ഞിയ്ക്കു-
മഴൽചേർക്കുന്ന മട്ടിലായ്.

നീണ്ടുനിന്നു കിടന്നീടു-
ന്നാണ്ടുതൊട്ടിള സഹ്യനും
സന്തതം നിർവൃതിക്കൊണ്ടു
ശയിയ്ക്കും കാമുകൻവിധം.

നിന്മാറിലൂടായ് നദികൾ
ഭംഗിയിൽ പ്രവഹിയ്ക്കവെ
തോന്നുന്നു മുറുകെപ്പുൽകാൻ
സഹ്യൻനീട്ടും കരങ്ങൾപോൽ.

ഇച്ഛപോലുല്ലസിച്ചീടാൻ
നീലപ്പട്ടു വിരിച്ചതായ്
കാണ്മൂ പശ്ചിമദിക്കിങ്കൽ
കണ്ണെത്താക്കടൽ നീളവെ.

മുകളിൽ സ്ഥിതിചെയ്യുന്നു-
ണ്ടംബരം നെടുനീളമായ്
രക്ഷയ്ക്കായി വിരിച്ചിട്ടു-
ള്ളൊരു മേല്ക്കട്ടിയായ് ചിരം.

പത്രം വിടർത്തവേ കേരാ-
വലിയും താലവൃന്ദവും
ചാമരങ്ങൾ ചലിപ്പിക്കും
പരിചാരകസന്നിഭർ.

സന്ധ്യയിൽ സൂര്യദീപത്തെ-
യൂതീനിദ്രമയങ്ങവെ
വിധിനെയ്തു സമർപ്പിക്കും
നിശതൻെറ കരിമ്പടം.

ക്ഷുക്ഷ്മംവലികൾപോലെങ്ങും
കേൾക്കായീതെന്നലിൽസ്വരം
മിന്നാമിനുങ്ങു പാറുന്നു-
ണ്ടെങ്ങും രത്നം തെറിച്ചുപോൽ.

സുന്ദരസ്വപ്നകല്ലോലം
മന്ദമായ് ത്തൊട്ടിലാട്ടിടും
എതിരേല്ക്കാനുണർന്നേല്ക്കെ
യെത്തും പ്രകൃതിസജ്ജയായ്.

താളത്തിൽ മേന്മേലുയരും
താരാട്ടുകൾ ശ്രവിയ്ക്കയാൽ
ചിരിയ്ക്കാൻ കൊച്ചുപൂമൊട്ടിൽ-
നിരവെമ്പിക്കളിയ്ക്കയായ്.

കളഗീതി കിളിക്കൂട്ട-
മാലപിയ്ക്കാൻ തുടങ്ങവെ
നാനാവാദ്യങ്ങൾമേളിക്കും
നാദഘോഷം പ്രതീതമായ്.

മധുരസ്വപ്നസമ്പൂർണ്ണ-
മാകും നിദ്രവെടിഞ്ഞുടൻ
കുളിക്കാൻ വേകുന്നേറി-
യിറങ്ങിപ്പൊയ്ക പൂകവെ;

പാർത്തുമെല്ലെപ്പതുങ്ങിക്കൊ-
ണ്ടെത്തും കാമുകനെന്നപോൽ
പട്ടുചേലകൾ നെയ്തുംകൊ-
ണ്ടണഞ്ഞിടുന്നിതക്കരം.

പുലരിക്കുപയോഗിപ്പാൻ
താമരച്ചെപ്പിനുള്ളിലായ്
നിറയെക്കൊണ്ടു കളഭ-
ക്കുഴമ്പാരോ നിറച്ചപോൽ.

കതിരോൻ കാന്തിചിന്തുമ്പോൾ
മഴച്ചാറലുതിർക്കയാൽ
പശ്ചിമാംബര ദിക്കിങ്കൽ-
പ്പതിഞ്ഞു മാരിവില്ലൊളി;

മുടിചീകി വെടുപ്പാക്കെ-
ത്തെറിയ്ക്കും വാരിബിന്ദുവിൽ
കർണ്ണാവതംസാഭയേല്ക്കു
വർണ്ണരാജിയുതിർന്നപോൽ.

മംഗളസ്തുതി ഗീതങ്ങ-
ളാലപിപ്പൂ കൃഷീവലർ
കേരളശ്രീയതാവോളം
പൂരിതാനന്ദമേല്ലുംതേ.

നിർമ്മിപ്പൂ സ്വർഗ്ഗസൌധങ്ങൾ
ശ്രേഷ്ഠസൌഖ്യങ്ങൾ നേടുവാൻ
സർവ്വസമ്പന്നയായ്ക്കാണാൻ
സർവ്വദാ ദേവി ഭാവിയിൽ.

അഴകിന്റെ കുഴമ്പാലെ-
ത്തഴകിപ്പുഷ്ടിചേർക്കുവാൻ
"സർവ്വമാഹാത്മ്യ"യായ് നിന്നെ
യെന്നും പേരിട്ടു കേൾക്കുവാൻ,

ഇന്നുതൊട്ടു പ്രവർത്തിക്കാൻ
ഞങ്ങളൊന്നായിറങ്ങയായ്
നേടട്ടെ വിജയം ഞങ്ങൾ
തേടട്ടേ, നിന്നനുഗ്രഹം!

# കൊഴിയാൻ വെമ്പിയ പൂമൊട്ട്

O. P. C. K.—II B. Sc

ആഴിപ്പരപ്പിലടിയ്ക്കും തിരകൾപോ-
ലായിരം ചിന്തകളൊന്നിച്ചണഞ്ഞു ഹാ!
കോരിത്തരിപ്പിതതോർക്കുമ്പോഴെൻ ചിത്ത-
മാരിയും കേന്ദ്രീകരിയ്ക്കാതെയിപ്പൊഴും.

പൂന്തേൻനിറച്ചു മദാലസയായ് വന്നോ-
രന്തിതൻ മൂകമാം മാറിൽനിന്നും സ്വയം
പൊന്തിക്കളിച്ചു പുളച്ചതാമസ്സമ-
മെന്തിനിന്നെന്നെ വലയ്ക്കുന്നതീവിധം.

അന്നു ഞാനാക്കൊച്ചുവാടിയിലൗത്സുക്യ-
മാർന്നുകൊണ്ടെന്നും ഗമിച്ചു മോദത്തോടെ
അപ്പൊഴെയ്ക്കെത്തു മഞ്ഞെങ്ങുനിന്നോ മന്ദ-
മാരുതൻ പൂമണമേന്തി വീശീടുവാൻ.

കാത്തു ഞാനാകൊച്ചുമല്ലിക പൂക്കുവാൻ
പാർത്തുപാർത്തങ്ങിനെ നാളുകൾ നീക്കവെ
എൻപ്രാർത്ഥനയ്ക്കു മകുടമണയ്ക്കുവാ-
നെന്നവണ്ണം വിരിഞ്ഞന്നൊരു മല്ലിക.

ആമോദലീലനായമ്മലർ വാടിയി-
ലാരോമലാം കൊച്ചുമല്ലികയൊത്തു ഞാൻ
സല്ലപിച്ചുള്ള ദിനങ്ങളിന്നോർക്കുമ്പൊ-
ളെല്ലാം നിമിഷമെന്നായ് തോന്നിടുന്നമേ.

കൊച്ചുകാററിൽ സ്വയമാടിക്കളിച്ചുകൊ-
ണ്ടച്ചുററുപാടുകൾ പാവനമാക്കിയ
സൂനമെ നിൻറായീശോഭനമാം ഭാവി,
കാനന ചന്ദ്രികപോലെ വൃഥാവിലൊ?

ആശിച്ചുഞാൻ നിന്നെ യെൻ സ്വന്തമാക്കുവാ-
നാശിച്ചു നീയെന്നെ വേർപിരിഞ്ഞീടുവാൻ
ആശതൻ വൈരുദ്ധ്യസംഘട്ടനത്തിൽ നി-
ന്നാശജയിച്ചു; ഞാനെന്നും കരഞ്ഞീടാം.

കാപട്യമെന്തെന്നറിയാത്ത നീയെത്തു-
മാലോകമെത്രെയും ധന്യമാണോമലെ
പാഴിലാണെങ്കിലു മിത്രവേഗത്തിൽ നിൻ
തോഴനെ വിട്ടുപിരിയുവാൻ വെമ്പി നീ?

# മുക്കുററിപ്പൂവ്

പി. പി. ശങ്കരനുണ്ണി, U. P. C.

പാവനപ്രഭാതത്തെ ഹൃദയംഗമമായി-
സ്വാഗതംചെയ്യാനായെൻ പൂവേ നീ വിടർന്നല്ലോ
അരുളീടുന്നു നീയെന്നക്ഷികൾക്കവാച്യമാം-
കുളുർമ്മയതുപോലെ കരളിന്നാനന്ദവും
താവകസൌന്ദര്യത്തിൻ പ്രഭാവം തന്നെപോരും-
ഭാവനാധനർക്കേറെ കാവ്യങ്ങൾ രചിക്കുവാൻ.

ആരറിയുവാൻ പക്ഷെനിന്നെ; നീ വഴിയുടെ-
യോരത്തുപിറന്നോരു മുക്കുററിപ്പൂവല്ലല്ലീ
പദവിനിനക്കില്ലയല്ലെങ്കിൽ നല്കുന്നില്ലീ-
പ്പനിനീരിൻ ലോകത്തിൽ നിനക്കെന്തിരിക്കുന്നു?

ചവിട്ടിത്തേക്കപ്പെടാം വഴിയ്ക്കൽ പിറന്നനി-
പഴിക്കേണ്ടതു ചെയ്തതറിയാതാവാമവൻ
മാനവസമൂഹത്തിൻ പൊതുവാം നിയമത്തെ-
കേവലമൊരാളനുസരിയ്ക്കാതിരിക്കണോ?

നിന്റെ നിഷ്കളങ്കത, നിന്റെയാ മനഃശുദ്ധി-
നിന്റെയാ പരിശുദ്ധി, മർത്ത്യനു ലഭിച്ചെങ്കിൽ
എന്റെ കൊച്ചുമുക്കുററീ ഞാൻ ശരിക്കും പറഞ്ഞിടാം-
"നിൻവിധിയിതുപോലെയാകുമായിരുന്നില്ല"

# ഓടക്കുഴൽ

സി. എസ്. പത്മിനി, U. P. C.

വിണ്ണിലെ മുകിൽച്ചാർത്തിൽ മുങ്ങുവാൻപോയീടുന്ന
പൊന്നൊളിവണ്ണക്കിളിയൊന്നു നില്ക്കണേ ശുകി
നീലവാനവും നോക്കിയിരുന്നു ഞാൻപാടിടും
ലോലമാം മുരളിക തകർന്നുടഞ്ഞിപ്പോയ്.
നിൻകണ്ഠനിനാദത്തെ വെല്ലുമെൻമുരളിക
യെൻകരം തന്നിൽനിന്നു മുതിർന്തകർന്നുപോയ്
അകലെപ്പോയ് മറഞ്ഞകാലികൾവന്നീലെൻറ
തകർന്നമുരളിതന്നാലാപം കേട്ടുനേരം.
നീളെവെൺമുകിൽച്ചാർത്തിൽ താരകാളീപംക്തിക
ളൊളിയിട്ടെത്തുന്നതായാമിനി മനോഹരി.
കാലികളണിഞ്ഞൊരക്കിങ്ങിണി നാദങ്ങൾ
കാററിൻകൈകളിൽത്തത്തിയെന്നെയുംകടന്നുപോയ്.
എന്തിനിവേണംഞാ, നിന്നെന്നോമൽപക്ഷികല
മെങ്ങോപോയ് മറഞ്ഞല്ലോ, പൈങ്കിളീപറകനീ.

* * * *

ആണ്ടുകൾ മുമ്പാണെനിയ്ക്കാമണിമുരളിക
യാദ്യമായ് ലഭിച്ചതന്നൊരുസുപ്രഭാതത്തിൽ.
മോഹനമതിൻനാദ വീചികളലിഞ്ഞഹോ
മാമകാത്മാവിൽദിവ്യ മന്ദ്രതികൾതിങ്ങി.
ഉയർന്നേൻ മമചിത്തമാനന്ദസ്മിതവുമാ
യുയർന്നേൻ നാകത്തിൻെറ സ്വർണ്ണവേദികൾതോറും.

* * * *

വയ്യെനിയ്ക്കൊരുമാത്ര ചോലമേജി വിഴ്ക്കുവാൻ
വയ്യെൻെറ യോടക്കുഴൽഗാനമാലപിയ്ക്കാതെ.
പൂത്തകാനനങ്ങളും താണ്ടിനീപറക്കവേപോ
ളോർത്തിടുകൊരുമാത്രയെന്നോടക്കുഴലിനെ.
കൊണ്ടുതന്നീടാമോയെന്നാനന്ദനിനാദമാം
പൊന്നോടക്കുഴലൊന്നുചൊല്ലുനീയോമൽക്കിളി.
ഏകാന്തമാമിസ്സൗധതന്നിൽനിന്നെയും കാത്തി
ട്ടേറെനാളിരിക്കും ഞാനൊന്നു വന്നീടുവേഗം.

# ഒരു ചിലന്തിയുടെ അന്ത്യം

By

ഹംസ, ചാവക്കാട്ട്. U. P. C.

വാസന്തനാളിലൊരുവാസരം; പൂവല്ലിതൻ
ഭാസുരച്ഛായയിങ്കലാലസ്യമകററാനായ്
മസൃണശിലാതലശയനതല്പത്തിങ്കൽ
സസുഖം വിശ്രാന്തി പൂണ്ടിരുന്നേൻ കുറെനേരം
ഒട്ടുദൂരത്തായ്‌ കണ്ടു, വില്ലീസു നൂലൊട്ടിക്കൊ-
ണ്ടെട്ടുകാലിയൊന്നതിന്നാലയം പണിയുന്നു.
അത്യന്തം ശ്രമകര,മെങ്കിലും ചാടിച്ചാടി-
യെത്തുന്നുണ്ടോരോ പ്രോതത്തിലുമച്ചെറുജീവി!

കുരുന്നാമതിന്നുള്ളിൽ കുരുത്തോരഭിലാഷം
വരുന്നു സാക്ഷാൽക്കാരമായിതാ — പണിതീർന്നു!
അന്നോളമുച്ഛൃംഖലഭാവനാവിഹായസ്സിൽ
തങ്ങിനിന്നൊരാക്കാവ്യം നെയ്തെടുത്തുൽകൃഷ്ടമായ്!
ദൂരെയാ നീലാംബരക്കോണിൽ ചേണലാവുന്ന
വാരൊളി—വിധുപ്രഭ—ബന്ധുരമലുക്കിട്ടു;
താരകൾ തങ്കം പൂശി; പനിനീരുമായെത്തി
മാരുതൻ; 'സ്വർണ്ണാലയം' പൂകിയച്ചെറുപ്രാണി.

.... .... .... .... ....

.... .... .... .... ....

അന്നേരമമോഘമാമായിരം കിനാവുക-
ളൊന്നായിച്ചെന്നാഹൃത്തിൻ വാതിലിൽ മുട്ടീട്ടുണ്ടാം!

.... .... .... .... ....

.... .... .... .... ....

“ഭാവിതൻനവ്യ, ദിവ്യചൈതന്യമുൾക്കൊണ്ടുനീ
താവുക”യെന്നായാശംസിച്ചുഞാനിടംവിട്ടു!
ഭാരിച്ച ചുമടേററിവലഞ്ഞപാന്ഥനൊപ്പം
പാരിടം വിശ്രാന്തിതൻ മടിയിൽ തലചായ്ച്ചു.

.... .... .... .... ....

.... .... .... .... ....

ഇന്നലെയുടെജീവശ്വാസത്താലുയിർക്കൊണ്ടോ-
രിന്നത്തെ പ്രഭാതമപ്രാചിയിൽ പ്രഫുല്ലമായ്!
ചെമന്തിച്ചില്ലയിങ്കൽ ചേലൊത്തു വട്ടമിട്ടി-
ട്ടാമോമേളീകലമാലാപമുതിക്കുന്നു!
മേലോട്ടുനോക്കീഞാനന്നേര,മപ്പാവ,മെട്ടു-
കാലിയുമില്ലായതിൻവലയുമില്ല……കഷ്ടം!!
അങ്ങേലെച്ചില്ലയിങ്കലെന്തോന്നോ കൊത്തിയൊരു
ചെങ്ങാലിപ്പക്ഷിപ്പിടകിന്നാരമുതിക്കുന്നു!
പെട്ടുപോയത്താരുട,ലപ്പക്ഷിക്കൊക്കിലയ്യോ!–
യെട്ടുകാലിതൻ കിനാവുകൾ മണ്ണടിഞ്ഞുപോയ്!
ജീവിതവഴിത്താരതൻ തിരിവിലെത്തിയാ-
ജ്ജീവിതൻ ജീവശ്വാസമെന്നേക്കും സമാപ്തമായ്!
ഇല്ല,—യപ്പക്ഷികണ്ഠത്തിൻ ‘ലല്ലല’ നിനദത്തിൽ
കല്യമജ്ജീവസ്പന്ദമുച്ചലിപ്പതുകേൾക്കാം!
അപ്പക്ഷിപ്പിടയുടെയുൾപ്പൂവിൻചലനങ്ങ-
ളിപ്പോഴും നില്പുവതജ്ജീവശ്വാസത്താലല്ലീ?
നാമെടുക്കുന്നുജീവൻ ജീവരക്തത്തിൽനിന്നും
ചാമ്പലിൽനിന്നും നവദീപ്തിയും ചൈതന്യവും!!